ത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) അവസാനരൂപം നല്കി കഴിഞ്ഞിട്ടില്ല.

ജല അതോറിറ്റിയിലെ മീറ്റർ പരിശോധന

* 115. [117] ശ്രീ. പി. സി. ജോർജ് :
,, ടി. എസ്. ജോൺ :
,, സി. എഫ്. തോമസ് :
,, വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയിൽ നാലഞ്ചുവർഷങ്ങളായി മീറ്റർ പരിശോധന മുടങ്ങിക്കിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ജല അതോറിറ്റിയിൽ മീറ്റർ റീഡർമാരുടെ ഒഴിവുള്ള തസ്തികയിലേക്ക് ഉടനെ നിയമനം നടത്തുമോ ;

(ഡി) മീറ്റർ റീഡർമാർ ഇല്ലാത്തതുകൊണ്ട് ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ചില സ്ഥലങ്ങളിൽ എല്ലാ മീറ്ററുകളുടെയും പരിശോധന യഥാസമയം നടത്താൻ സാധിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ കാര്യം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ഇക്കാര്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഉണ്ട്.

നവോദയ വിദ്യാലയങ്ങൾ

* 116. [118] ശ്രീ. ജി. കാർത്തികേയൻ :
,, മണിമംഗലത്തു കുട്ട്യാലി :
,, കെ. കെ. ശ്രീനിവാസൻ :
,, തോപ്പിൽ രവി :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വിദ്യാഭ്യാസ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള നവോദയ വിദ്യാലയങ്ങളുടെ ഉദ്ദേശ്യങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഈ വിദ്യാലയങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) ഈ വിദ്യാലയങ്ങളിലെ പ്രവേശനത്തിനുള്ള മാനദണ്ഡമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly